(ഡി) സംസ്ഥാനത്തുനിന്ന് ഈ വർഷം എടുത്ത നെല്ല് അരിയാക്കി റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന്റെ വിശദവിവരങ്ങൾ മാധ്യമങ്ങൾവഴി ജനങ്ങളെ അറിയിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇതിനുള്ള സ്റ്റാന്റിംഗ് ഓർഡർ പുറപ്പെടുവിച്ചിട്ടില്ല.

(സി) സംഭരിക്കുന്ന നെല്ലിന്റെ നഷ്ടം എത്രയാകുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) നെല്ല് സംഭരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പത്രപ്രസ്താവനകൾവഴി ജനങ്ങളെ അറിയിച്ചിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന് ഓരോ വർഷവും നൽകിയ സബ്സിഡി തുക

22 [3444] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഓരോ വർഷവും നൽകിയ സബ്സിഡി തുകയുടെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന് 5 വർഷത്തേക്ക് എത്ര രൂപ സബ്സിഡിയായി അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു:

വർഷം	*തുക (കോടിയിൽ)*
2001-2002	33
2002-2003	50
2003-2004	30
2004-2005	30
ആകെ	**143**

(ബി) 197 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly